**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 914** **10-08-2023 - ൽ മറുപടിയ്ക്ക്**

**എ.ബി.സി.ഡി. പദ്ധതിയുടെ പ്രവർത്തന പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അടിസ്ഥാന രേഖകൾ ലഭ്യമാക്കുന്നതിനും അവ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനുമായി ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന അക്ഷയ ബിഗ് കാംപെയ്ൻ ഫോർ ഡോക്യുമെന്റ് ഡിജിറ്റലൈസേഷൻ (എ.ബി.സി.ഡി.) പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അടിസ്ഥാന രേഖകൾ ലഭ്യമാക്കുന്നതിനും അവ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനുമായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന അക്ഷയ ബിഗ് കാംപെയ്ൻ ഫോർ ഡോക്യുമെന്റ് ഡിജിറ്റലൈസേഷൻ (എ.ബി.സി.ഡി.) പദ്ധതിയിൽ ആധാർ കാർഡ്, റേഷൻ കാർഡ്, ഇലക്ഷൻ ഐ.ഡി. കാർഡ്, ബാങ്ക് അക്കൗണ്ട്, ജനനമരണ സർട്ടിഫിക്കറ്റ് തുടങ്ങിയ ഇനങ്ങളിൽ സംസ്ഥാനത്തൊട്ടാകെ ആകെ 1,70,560 സേവനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി ആദ്യം നടപ്പിലാക്കിയതും പൂർത്തീകരിച്ചതും വയനാട് ജില്ലയിലാണ്. തുടർന്ന് പാലക്കാട് ജില്ലയിൽ പൂർത്തീകരിച്ചു. തിരുവനന്തപുരം ജില്ലയിൽ പൂർത്തീകരണം അന്തിമഘട്ടത്തിലാണ്. ആലപ്പുഴ, മലപ്പുറം ജില്ലകളിൽ എബിസിഡി പദ്ധതിയുടെ ഭാഗമായി രേഖകൾ ഇല്ലാത്തവരുടെ വിവരശേഖരണം അവസാന ഘട്ടത്തിലാണ്. |
| (ബി) | സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലേക്കും എ.ബി.സി.ഡി. പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; നിലവിൽ ഏതൊക്കെ ജില്ലകളിൽ ഈ പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | ഉണ്ട്. നിലവിൽ വയനാട്, പാലക്കാട് ജില്ലകളിൽ ടി പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | മറ്റ് ഏതെങ്കിലും സംസ്ഥാനത്ത് ഇത്തരമൊരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | വിവരം ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ